# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5687 — 03.11.2016-ൽ മറുപടിക്ക്

## ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവും പട്ടിണിമരണങ്ങളും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോഷകാഹാരക്കുറവും പട്ടിണിയും മൂലം എത്ര ആദിവാസികൾ മരണമടഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോഷകാഹാരക്കുറവും പട്ടിണിയും മൂലം ആദിവാസികൾ ആരുംതന്നെ മരണപ്പെട്ടിട്ടില്ല. |
| ബി) | ഇത്തരത്തിൽ മരണമടഞ്ഞവർക്ക് എന്തെല്ലാം സഹായങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ; | ബി) | ബാധകമല്ല. |
| സി) | ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവും പട്ടിണി മരണങ്ങളും ഒഴിവാക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പിനു കീഴിൽ ഈ സർക്കാർ എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കുമോ? | സി) | പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പോഷകാഹാരക്കുറവ് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹികനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഭക്ഷ്യ സഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കായി ജനനി-ജന്മരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br>സാമൂഹികനീതി വകുപ്പിനു കീഴിൽ അംഗൻവാടി മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേകം പോഷകാഹാരം നൽകുന്ന പദ്ധതി, പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവ വിതരണം ചെയ്യുന്ന പദ്ധതി, ശിശുക്കൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന പദ്ധതി എന്നിവയും നടപ്പാക്കുന്നു. പെൺകുട്ടികൾക്ക് പൂരക |

| | | | |
|---|---|---|---|
| | | | പോഷകാഹാരം വിതരണം ചെയ്യുന്ന ശഭല പദ്ധതിയും, പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>മേൽപ്പറഞ്ഞവ കൂടാതെ ആദിവാസി ശിശുമരണങ്ങൾ കൂടുതലായി കണ്ടെത്തിയിട്ടുള്ള അട്ടപ്പാടി മേഖലയിൽ ആരോഗ്യ വകുപ്പിനു കീഴിൽ 3 ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത സെന്ററുകളിൽ പോഷകാഹാരക്കുറവുള്ളവരെ കണ്ടെത്തി സെന്ററുകളിൽ കൊണ്ടുവന്ന് ആവശ്യമായ പരിചരണവും ചികിത്സയും നൽകുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സാമൂഹികനീതി വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി കിച്ചണുകളും പ്രവർത്തിക്കുന്നു.<br>പോഷകാഹാരക്കുറവ് മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹായത്തോടെ കൗൺസിലിംഗും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ